©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2026 സെപ്റ്റംബർ 09<br>09th September 2026<br>1202 ചിങ്ങം 24<br>24th Chingam 1202<br>1948 ഭാദ്രം 18<br>18th Bhadra 1948 | നമ്പർ<br>No. | 2449 |

### 1961 ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം റദ്ദാക്കികൊണ്ടുള്ള വിജ്ഞാപനം

DCTVM/6722/2026-K4 08 സെപ്റ്റംബർ 2026

1961 ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച അക്ടിലെ 6(1) വകുപ്പ് പ്രകാരം തിരുവനന്തപുരം – കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽവെ ലൈൻ (സിൽവർ ലൈൻ) പദ്ധതിക്കായി താഴെപ്പറയുന്ന വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു

1. 08.10.2021 തീയതിയിലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2951
2. 22.11.2021 തീയതിയിലെ കേരള അസാധാരണ ഗസറ്റ് നമ്പർ 3433

മേൽ വിജ്ഞാപനങ്ങൾ പ്രകാരം ചിറയിൻകീഴ് താലൂക്കിലെ ആറ്റിങ്ങൽ, അഴൂർ, കരവാരം, കീഴാറ്റിങ്ങൽ, കുന്തള്ളൂർ വില്ലേജുകളിലും വർക്കല താലൂക്കിലെ മണമ്പൂർ, നാവായിക്കുളം, പള്ളിക്കൽ വില്ലേജുകളിലും തിരുവനന്തപുരം താലൂക്കിലെ ആറ്റിപ്ര, കടകംപള്ളി, കഴക്കൂട്ടം, പള്ളിപ്പുറം, വെയിലൂർ വില്ലേജുകളിലും ഉൾപ്പെട്ട ഭൂമി സർവെ നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ കേരള സർക്കാരിന്റെ G.O(P) No. 184/2026/RD തീയതി 22.05.2026 തീയതി പ്രകാരം മേൽ വിജ്ഞാപനങ്ങൾ റദ്ദാക്കുവാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരിക്കുന്നു;

തിരുവനന്തപുരം ജില്ലാ കളക്ടർ, 17.08.2026 തീയതിയിലെ DCTVM/6722/2026-K4 നമ്പർ നടപടിക്രമത്തിൽ 1961 ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച ആക്ട് 6(1) പ്രകാരമുള്ള വിജ്ഞാപനങ്ങൾ റദ്ദ് ചെയ്തിരിക്കുന്നു.

ആകയാൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരം മുകളിൽ പറഞ്ഞ വില്ലേജുകളിൽ ആരംഭിച്ചതോ ആരംഭിക്കാനിരിക്കുന്നതോ ആയ എല്ലാ സർവെ നടപടികളും ഈ വിജ്ഞാപനത്തിന്റെ തീയതി മുതൽ നിർത്തലാക്കിയിരിക്കുന്നു. മേൽ വിജ്ഞാപനങ്ങൾക്ക് ഇനി യാതൊരു നിയമപ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്/-
ജില്ലാ കളക്ടർ
തിരുവനന്തപുരം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.10 10:34:14 +05:30